**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6749** **11-11-2021 - ൽ മറുപടിയ്ക്ക്**

**കോഴിയിറച്ചിയുടെ വില നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോഴിയിറച്ചിയുടെ വില അനിയന്ത്രിതമായി ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കോഴി ഇറച്ചി ന്യായവിലയ്ക്ക് ലഭ്യമാക്കുവാൻ നടപടി സ്വികരിക്കുമോ; ഇതിനായി പുതിയ പദ്ധതികൾ രൂപീകരിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് ഇറച്ചി കോഴിയുടെയും കോഴിയിറച്ചിയുടെയും വില നിയന്ത്രിക്കുന്നതിന് സർക്കാർ പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്ടി വികസന കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തിരവും കോൺട്രാക്ട് ഫാമിംഗിലൂടെയും ഇറച്ചിക്കോഴികളുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുകയാണ് കെപ്കോ ചെയ്യുന്നത്. കെപ്കോയുടെ അധീനതയിലുള്ള തിരുവനന്തപുരം കുടപ്പനക്കുന്നിലെ ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉൽപാദിപ്പിക്കുന്ന വെൻകോബ് 400 ഇനത്തിൽപ്പെട്ട ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ കുടുംബശ്രീ കോൺട്രാക്ട് യൂണിറ്റുകൾക്കും ആവശ്യക്കാരായ മറ്റ് കർഷകർക്കും മിതമായ നിരക്കിൽ നൽകി 40 - 45 ദിവസം വരെ പ്രായമാകുമ്പോൾ തിരിച്ചെടുത്ത് കെപ്കോയുടെ പ്ലാൻറിൽ പ്രോസസ് ചെയ്ത് കോഴിയിറച്ചിയാക്കി കെപ്കോയുടെ വിപണന ഏജൻസികൾ മുഖാന്തിരം ഉപഭോക്താക്കൾക്ക് നൽകുന്നു. പൊതു കമ്പോളത്തിൽ കോഴിയിറച്ചി കിലോയ്ക്ക് 240 - 250 രൂപ വിലയ്ക്ക് വിൽക്കുമ്പോൾ കെപ്കോ കോഴിയിറച്ചി കിലോയ്ക്ക് 200 രൂപയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാണ്. കുടുംബശ്രീ കോൺട്രാക്ട് ഫാമിംഗ് സംസ്ഥാനത്ത് വ്യാപകമാക്കി ഉത്പാദനം വർദ്ധിപ്പിച്ച് ഇറച്ചിക്കോഴിയുടെ വില നിയന്ത്രിക്കാനുള്ള ശ്രമമാണ് കെപ്കോ നടത്തിവരുന്നത്. |
| (ബി) | വില്പന നടത്തുന്ന സ്ഥലത്ത് കോഴിയിറച്ചിയുടെ ഗുണനിലവാരം പരിശോധിക്കാൻ സംവിധാനങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) | കെപ്കോ വഴിയുള്ള കോഴിയിറച്ചിയുടെ ഗുണനിലവാരം മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള എറണാകുളം മരടിൽ പ്രവർത്തിക്കുന്ന SLMAP (State Laboratory for livestock, marine and Agri Product)നടത്തുന്ന റസിഡ്യൂ മോണിറ്ററിംഗ് പ്രോഗ്രാം ഫോർ ആന്റിബയോട്ടിക്സ് ഇൻ ബ്രോയിലർ ചിക്കൻ |

| | | | |
|---|---|---|---|
| | | | പദ്ധതി പ്രകാരം യഥാസമയം പരിശോധിക്കുകയും, കെപ്കോ ഇറച്ചിക്കോഴികളിൽ ആന്റിബയോ- ട്ടിക്കുകളുടെ സാന്നിദ്ധ്യം ഇല്ലായെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. കൂടാതെ കേരള ചിക്കൻ പദ്ധതി വഴി വിപണിയിൽ എത്തിക്കാൻ ഉദ്ദേശിക്കുന്ന കോഴിയിറച്ചിയും ഇപ്രകാരം പരിശോധന നടത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) | കോഴിയിറച്ചി ദിവസങ്ങളോളം കേടുകൂടാതെ വിൽക്കുന്നതിനുവേണ്ടി ആരോഗ്യത്തിനു ഹാനികരമായ രാസവസ്തുക്കൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ